പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 328 01.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളെ സംബന്ധിച്ച മൂല്യനിർണ്ണയം

ചോദ്യം

ശ്രീ. എം. ഉമ്മർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വസ്തു വകകളെ സംബന്ധിച്ച മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി കോർപ്പറേഷന്റെ ആസ്തി വകകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കോർപ്പറേഷന്റെ ആസ്തി മൂല്യം നിർണ്ണയിക്കുന്നതിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനം മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | M/s. വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ മൂല്യനിർണ്ണയം നടത്തുന്നതിന് നിയോഗിച്ചിട്ടുണ്ടോ ; | (ബി) | നിയോഗിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തെ നിയോഗിക്കുവാനുള്ള സാഹചര്യം എന്തെല്ലാമായിരുന്നു ; | (സി) | കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പാക്കേജിലെ ഒരു പ്രധാന ഇനം കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തി വകകളുടെ മൂല്യനിർണ്ണയം നടത്തുക എന്നതായിരുന്നു. ഇതിൻ പ്രകാരമാണ് M/s Varma & Varma എന്ന സ്ഥാപനത്തെ മൂല്യനിർണ്ണയം നടത്തുന്നതിനായി നിയോഗിച്ചത്. |
| (ഡി) | ഇതിനുവേണ്ടി കെ.എസ്.ആർ.ടി.സി. ക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ഡി) | ആകെ ബാദ്ധ്യത - 29 ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ